# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ആലങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ(ഇകെഎം)പി13-1801/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/03/2022
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ(ഇകെഎം)പി13-1801/21

തീയ്യതി: 08/03/2022

## എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ എ ഷാജിമോൻ, | ഡപ്യൂട്ടി ഡയറക്ടർ | 18-11-2021 | 30-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

| | |
|---|---|
| 18-11-2021 | 30-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ടെസ്സി എം, ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് കുമാർ കെ.വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സജീവ് എൻ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബെറ്റ്സി സി എക്സ്, ഓഡിറ്റർ
ശ്രീ ടിനു കെ ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാധാമണി ജയ്സിംഗ് | പ്രസിഡന്റ് | 01-04-2020 | 09-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 10-11-2020 | 11-01-2021 |
| ശ്രീ പി എം മനാഫ് | പ്രസിഡന്റ് | 12-01-2021 | 31-03-2021 |
| ശ്രീ മഹേഷ് കുമാർ പി കെ | സെക്രട്ടറി | 01-04-2020 | 01-03-2021 |
| ശ്രീമതി പ്രീത വി പ്രഭു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രീത വി പ്രഭു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി റീന ഒ ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സിബി വി.ജി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ഫിലോമിന അലോഷ്യസ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ. അനു ദാസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. അഞ്ജിത ബോസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. രജനി രാമൻ | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| .ശ്രീമതി വാഹിദാബീവി എൻ എ | ഹെഡ്മിസ്ട്രസ്സ്, ജിഎൽപിഎസ് | 01-04-2020 | 31-03-2021 |
| ശ്രീമതി റസിയ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ ജയൻ കെ എൻ | വിഇഒ പാനായിക്കുളം | 01-04-2020 | 31-03-2021 |
| ശ്രിമതി സിമ്മി യു ബി | വിഇഒ കോട്ടപ്പുറം | 01-04-2020 | 31-03-2021 |
| ശ്രീമതി രശ്മി രാമചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 30-04-2020 |
| ശ്രീ സുനിൽ എം ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-05-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | ഗ്രാമസഭ | 1-10 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 13 | കടമുറിയുടേയും സ്റ്റാളുകളുടേയും വാടക ഈടാക്കിയില്ല | 1-12 |
| 14 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 1-13 |
| 15 | സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ - അപാകതകൾ | 1-14 |
| 16 | കെട്ടിടനികുതി കുറവായി നിർണ്ണയിച്ചു | 1-15 |
| 17 | ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ | 1-16 |
| 18 | പഞ്ചായത്ത് ഓഫീസിലേക്കും ഘടകസ്ഥാപനങ്ങളിലേക്കും കംപ്യൂട്ടർ, പ്രിന്റർ, സ്കാനർ - ഉപകരണങ്ങളുടെ സപ്ലൈ ഭാഗികം. | 1-17 |
| 19 | ലീവ് സറണ്ടർ ആനുകൂല്യത്തിന് നിരോധനമുള്ള വേളയിൽ ജീവനക്കാർക്ക് സറണ്ടർ ആനുകൂല്യം അനുവദിച്ചു. | 1-18 |
| 20 | ഘടകസ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങൽ-ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി | 1-19 |
| 21 | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി- അപാകതകൾ | 1-20 |
| 22 | ഫണ്ട് ദുർവിനിയോഗം-രൂ.5000/സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. | 1-21 |
| 23 | മെഡിക്കൽ ഓഫീസർ, ഹോമിയോ - മരുന്ന് ലഭ്യമാക്കിയില്ല. | 1-22 |

| | | |
|---|---|---|
| 24 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-അവലോകനം | 1-23 |
| 25 | ഓഡിറ്റ് ഇംപാക്ട് | 1-24 |
| 26 | ദുരിതാശ്വാസനിധി | 1-25 |
| 27 | എസ് സി പഠന മുറി - അനുവദിച്ച അളവിന് ആനുപാതികമായി സബ്സിഡി തുക നിജപ്പെടുത്തിയിട്ടില്ല. | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23.03.2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1):ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15-02-2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 33(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2020-2021 പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 2,28,45,017 | 4,24,01,900 | (+)1,95,56,883 |
| വരവ് | 31,55,25,419 | 13,45,92,888 | (-)18,09,32,531 |
| ആകെ | 33,83,70,436 | 17,69,94,788 | (-)16,13,75,648 |
| ചെലവ് | 33,46,45,229 | 14,67,85,152 | (-)18,78,60,077 |
| നീക്കിയിരുപ്പ് | 37,25,207 | 3,02,09,636 | (+)2,64,84,429 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 18.00 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 18.78 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ഇതുപ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത വരവിനേക്കാൾ 57% -ൽ കുറവാണ് വാർഷിക ധനകാര്യപ്പത്രികയിൽ യഥാർത്ഥത്തിൽ വരവായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. ആനുപാതികമായി ബജറ്റിൽ വിഭാവനം ചെയ്ത ചെലവിന്റെയും 43.86% ൽ താഴെ മാത്രമാണ് യഥാർത്ഥത്തിൽ തൻവർഷം ചെലവായിട്ടുള്ളത്. ഉദാഹരണത്തിനായി വിവിധ നികുതി- നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| | 2020-2021 പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 33,00,000 | 7,15,180 | 25,84,820 |
| വസ്തു നികുതി | 1,60,00,000 | 1,03,86,594 | 56,13,406 |
| ഡി & ഒ ലൈസൻസ് | 6,00,000 | 4,75,750 | 1,24,250 |
| വാടക | 5,50,000 | 3,02,521 | 2,47,479 |

ബജറ്റും, യഥാർത്ഥ വരവും ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം വന്നിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും പ്രായോഗികവുമാകേണ്ടതാണ് .

## 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3)സ്ഥാപന തൊഴിൽനികുതി, ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ രജിസ്റ്ററുകൾ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ ഡിമാന്റ്, പിരിവ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

4) ബി-11എ യിലെ 412010101 എന്ന ഹെഡിൽ 712372/-രൂപ വർക്ക് ഇൻ പ്രോഗ്രസ് ആയി കാണിച്ചിട്ടുണ്ട്. മേൽ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ അസറ്റ് ഹെഡിലേക്ക് മാറ്റാവുന്നതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2020 | 01.06.2021 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 4,24,01,900 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 13,45,92,888 |
| ആകെ | | 17,69,94,788 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 14,67,85,152 |
| നീക്കിയിരിപ്പ് | | 3,02,09,636 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 373007 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക | സോഴ്സ് ഡിഡക്ഷൻ |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | 33741897 | 33741897 | 21942512 | 11799385 | 2425655 |
| വികസന ഫണ്ട്- എസ്.സി.പി | | 12936079 | 12936079 | 7104305 | 5831774 | 87921 |
| വികസന ഫണ്ട്- ടി.എസ്.പി | | 254000 | 254000 | 105000 | 149000 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | | 17462085 | 17462085 | 9609582 | 7852503 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | | 7700000 | 7700000 | 1538063 | 6161937 | |
| മെയിന്റനൻസ് ഫണ്ട് റോഡ് | | 43142000 | 43142000 | 37691452 | 5450548 | |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | | 5620570 | 5620570 | 5256565 | 364005 | |
| സാക്ഷരത | 57983 | 1593 | 59576 | 16512 | 43064 | |
| സാനിട്ടേഷൻ | 1192171 | 4762310 | 5954481 | 1022987 | 4931494 | |
| അങ്കണവാടി പൂരക പോഷകാഹാരം | 401696 | 1115406 | 1517102 | 1300000 | 217102 | |
| ദേശീയ വികലാംഗ ക്ഷേമ വിഹിതം | 35828 | 1086 | 36914 | | 36914 | |
| ലൈഫ് സെന്റർ ഷെയർ | 110000 | - | 110000 | - | 110000 | |

കുറിപ്പ് - ജി.ഒ പദ്ധതികൾക്കായി വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ നിന്നും സോഴ്സ് ഡിഡക്ഷനായി 2513576/- രൂപ ചെലവുണ്ട്. ടി തുകയുൾപ്പെടെയുള്ള ചെലവാണ് ഇൻകം &എക്സ്പെൻഡിച്ചർ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 287 | 164467790 | 154 | 67870066 | 38 | 95 | 73.17 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 7353 | 1049169 | 1056522 | 1027480 | 29042 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 38811988 | 38811988 | 38811988 | 0 |
| ആകെ | 7353 | 39861157 | 39868510 | 39839468 | 29042 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 9241600.00 | 568 |
| വിധവാപെൻഷൻ | 25684000.00 | 1811 |
| വാർദ്ധക്യകാലപെൻഷൻ | 39887900.00 | 3102 |
| ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 7454400.00 | 518 |
| അവിവാഹിതരായ 50 വയസ്സിനു മേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1007900.00 | 75 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2021ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30573/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. പഞ്ചായത്തിന്റെ കീഴിലുള്ള ക്രമറ്റോറിയം 2000 രൂപ നിരക്കിൽ വാടകക്ക് നൽകിയിട്ടുണ്ട്. AFS പ്രകാരം 218000 രൂപ Crematorium Fees ഇനത്തിൽ തൻവർഷം വരവ് വന്നിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് സാംഖ്യാ രസീത് അല്ലാതെ യാതൊരു രേഖയും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. Crematorium Fees സംബന്ധിച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. ചില കയ്യെഴുത്ത് രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. ഉദാ: 34424 കയ്യെഴുത്ത് രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതാണ്.

3. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് തിരിച്ച് തയ്യാറാക്കി ആയത് പ്രകാരം തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.

## 1-10 ഗ്രാമസഭ

കോവിഡിന്റെ പശ്ചാത്തലത്തിൽ 2020-21 വർഷത്തിൽ ഫെബ്രുവരി മാസത്തിൽ മാത്രമാണ് ചേർന്നിരിക്കുന്നത്. മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ ഗ്രാമസഭയിൽ പങ്കെടുത്ത അംഗങ്ങളുടെ പേരും ഒപ്പും ഏതാണ്ട് ഒരേ കയ്യക്ഷരത്തിലുള്ളതാണ് എന്ന് കാണുന്നു. മിക്കവാറും എല്ലാ വാർഡുകളിലെയും മിനിറ്റ്സ് ബുക്കുകളിലും ഇപ്രകാരമാണ് ചേർത്തിരിക്കുന്നത്. ഗ്രാമസഭായോഗത്തിൽത്തന്നെ മിനിറ്റ്സ് ബുക്കിൽ അതിൽ പങ്കെടുത്തവരെക്കൊണ്ട് രേഖപ്പെടുത്തലുകൾ നടത്തുന്ന രീതി ആണെങ്കിൽ ഇപ്രകാരം സംഭവിക്കില്ല എന്ന് കരുതുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.09.2021 – 30.09.2021 | 01.10.2020 – 31.3.2021 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.09.2014 | 2009-10 To 2013-14 | 10.11.2014 |

## 1-12 കടമുറിയുടേയും സ്റ്റാളുകളുടേയും വാടക ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ 2020-2021 സാമ്പത്തിക വർഷം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ വാടകക്ക് നൽകിയിരിക്കുന്ന താഴെ ചേർത്ത കടമുറിയുടേയും സ്റ്റാളുകളുടേയും വാടക ഈടാക്കിയില്ല. ആയത് സൂചിപ്പിച്ച് 24-11-2021 ന് ഓഡിറ്റ് എൻക്വയറി(നമ്പർ – 2) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. ഇവരിൽ നിന്നും വാടക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| വാടകക്കാരന്റെ പേര് | സ്റ്റാൾ/ കടമുറി നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക/മാസം | ആകെ കുടിശ്ശിക |
|---|---|---|---|---|
| രതീഷ് എഴഞ്ഞിക്കമലയിൽ, കടുങ്ങല്ലൂർ | സ്റ്റാൾ നമ്പർ 1 | 590 | 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ | 7080/- |
| ലിസൺ.കെ.വി | കടമുറി നമ്പർ 6 | 6125 | 2020 ഏപ്രിൽ മുതൽ 2020 ജൂൺ വരെ | 18375/- |
| | കടമുറി നമ്പർ 6 | 6431 | 2020 ജൂലായ് മുതൽ 2021 മാർച്ച് വരെ | 57879/- |
| വേണു വലിയപറമ്പിൽ | സ്റ്റാൾ നമ്പർ 2 | 1111 | 2020 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ | 13332/- |
| ആകെ | | | | 96666/- |

## 1-13 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിലെ താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് 26-11-2021ന് ഓഡിറ്റ് എൻക്വയറി (നമ്പർ – 6) നല്കിയിരുന്നെങ്കിലും ഇവയിൽ നിന്ന് ആയത്

ഈടാക്കിയിട്ടുള്ളതായി മറുപടിയോ രേഖകളോ ലഭ്യമായില്ല. ഇവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ ആലങ്ങാട് | I, II |
| 2 | കെ എസ് ഈ ബി ആലങ്ങാട് | I, II |
| 3 | അപരാജിത ഡൈനാമിക് സൈനർജീസ് പ്രൈവറ്റ് ലിമിറ്റഡ്, ആലങ്ങാട് | I, II |
| 4 | ദിക്ഷ കോർപറേറ്റ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടപ്പുറം | I, II |
| 5 | പോപ്പുലർ മെഗാ മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് സർവ്വീസ് -1, മാളികംപീടിക | I |
| 6 | കേരള ആയുർവേദ ഫാർമസി പാനായിക്കുളം | I, II |
| 7 | റിലയൻസ് ആലങ്ങാട് | I |
| 8 | Ictemistu Lab | I, II |
| 9 | കോർപറേഷൻ ബാങ്ക് പാനായിക്കുളം | I, II |
| 10 | സെന്റ് ജോസഫ് സാധു ജന സംഘം ആലങ്ങാട് | I, II |
| 11 | VALLY Industries കൊങ്ങോർപ്പിള്ളി | I, II |
| 12 | സീലോഗ് ലോജിസ്റ്റിക്സ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | I, II |
| 13 | ഡ്രൈവർ ലോജിസ്റ്റിക്സ് പാനായിക്കുളം | I, II |
| 14 | ഇൻസ്റ്റാകാർട്ട് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് | I |
| 15 | MIRC ഇലക്ട്രോണിക്സ് പാനായികികുളം | I, II |
| 16 | FLYTAC ലോജിസ്റ്റിക്സ് പാനായിക്കുളം | I, II |

2) ഗ്രാമ പഞ്ചായത്തിൽ താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കിയില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്ന്ന് സൂചിപ്പിച്ച് 26-11-2021ന് ഓഡിറ്റ് എൻക്വയറി (നമ്പർ – 6) നല്കിയിരുന്നെങ്കിലും ഇവയിൽ നിന്ന് ആയത് ഈടാക്കിയിട്ടുള്ളതായി മറുപടിയോ രേഖകളോ ലഭ്യമായില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ് കൊങ്ങോർപ്പിള്ളി | II |
| 2 | കാവേരി ഓർഗാനിക് Agri.Inputs ആലങ്ങാട് | I, II |
| 3 | ZEE Logistic Sollutions | II |
| 4 | കേരള സ്റ്റീൽ അസോസിയേറ്റ്സ് | I, II |

3) ഗ്രാമപഞ്ചായത്തിൽ പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് 26-11-2021ന് ഓഡിറ്റ് എൻക്വയറി (നമ്പർ – 6) നല്കിയിരുന്നെങ്കിലും ഇവയിൽ നിന്ന് ആയത് ഈടാക്കിയിട്ടുള്ളതായി മറുപടിയോ രേഖകളോ ലഭ്യമായില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | പാരാമെഡിക്കൽ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | അർദ്ധ വർഷം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 12/519 B | അമല ഡയഗ്നോസ്റ്റിക്ക് സെന്റർ, നാലാം മൈൽ, പാനായിക്കുളം | മറ്റ് ജീവനക്കാർ = 1 | I, II |
| 2 | 18/300 | കുഴവേലിപ്പാടത്ത് രാമൻ മെമ്മോറിയൽ | മറ്റ് ജീവനക്കാർ = 1 | I, II |
| 4 | 7/515B | കരിങ്കുളം ഡെന്റൽ ക്ലിനിക്ക്, മാളികംപീടിക | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 2 | I, II |
| 5 | 6/132 | ലൈഫ് ലൈൻ ക്ലിനിക്കൽ ലബോറട്ടറി | മറ്റ് ജീവനക്കാർ = 2 | I, II |
| 6 | 8/616 C | ആലങ്ങാട് ഡെന്റൽ ക്ലിനിക്ക് | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 1 | I, II |
| 9 | 18/160 | മെഡി കെയർ ഡയഗ്നോസ്റ്റിക്ക് സെന്റർ, കൊങ്ങോർപ്പിള്ളി | മറ്റ് ജീവനക്കാർ = 1 | I, II |
| 10 | 18/170 | അശ്വിൻ ഹോമിയോ ക്ലിനിക്ക് കൊങ്ങോർപ്പിള്ളി | ഡോക്ടർ = 1 | I, II |
| 11 | 7/128 A | ലാബ് ടെക്ക് ഡയഗ്നോസ്റ്റിക്ക് സെന്റർ, മാളികംപീടിക | ടെക്നീഷ്യൻ = 2 | I, II |

4) ഗ്രാമപഞ്ചായത്തിൽ F.T.EO ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് 26-11-2021ന് ഓഡിറ്റ് എൻക്വയറി(നമ്പർ – 6) നല്കിയിരുന്നെങ്കിലും ഇവയിൽ നിന്ന് ആയത് ഈടാക്കിയിട്ടുള്ളതായി മറുപടിയോ രേഖകളോ ലഭ്യമായില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | അർദ്ധ വർഷം |
|---|---|---|---|
| 1 | കല്ലൻസ് ഗ്രാനൈറ്റ്സ് & ടൈൽസ് | 6/548 | I, II |
| 2 | എസ് ഗോപാൽ കമ്മത്ത് പ്രൈവറ്റ് ലിമിറ്റഡ് | 7/258 A | I, II |
| 3 | ഗ്രൂപ്പ് മൂക്കാടൻ | 21/512 A,499, 502 A | I, II |
| 4 | ഹാവൽസ് ഇന്ത്യ ലിമിറ്റഡ് മാളികംപീടിക | 7/116 A | I, II |
| 5 | ട്രോപ്പിക്കൽ ട്രേഡേഴ്സ് ടൈൽസ് | 12/252 C, 134B | I, II |
| 6 | മൈ ലൈഫ് സ്റ്റൈൽ മാർക്കറ്റിംഗ് ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് | 12/638 B | I, II |
| 7 | വലേറി പ്രൈവറ്റ് ലിമിറ്റഡ് പാനായിക്കുളം | 12/309 E | I, II |
| 8 | എസ് & എസ് മാർക്കറ്റിംഗ് പാനായിക്കുളം | 12/309 D | I, II |
| 9 | ഫോർച്യൂൺ കൊമേഴ്സ്യൽ കമ്പനി പാനായിക്കുളം | 12/309 F | I, II |
| 10 | എ ജി ഗോൾഡ് | 16/135 | I, II |

| | | | |
|---|---|---|---|
| 11 | M/S വിമൽ കമ്പനി | 12/524 B | I, II |
| 12 | M/S ആദിത്യ ട്രേഡിംഗ് കോ | 12/524 A | I, II |
| 13 | പെർഫെറ്റി മാൻമില്ലെ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പാനായിക്കുളം | 12/715 A | I, II |
| 14 | കേരള ആയുർവേദ ലിമിറ്റഡ് പാനായിക്കുളം | 14/584 A | I, II |
| 15 | ITC Ltd. | 21/500 E,F,C,D, 21/502 | I, II |
| 16 | നൈസ് കെമിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് | 9/181,182,183 | I, II |
| 17 | ലാമിറ്റ് റൂഫ് ടെക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 14/575 C | I, II |
| 18 | R S ISPAT LTD | 12/547 A | I, II |
| 19 | വൊഡാഫോൺ ഐഡിയ ലിമിറ്റഡ് | 8/234 C | I, II |
| 20 | ജീത്ത് പാക്കേജ് | 21/45 A | I, II |
| 21 | ഉഷ ഇന്റർനാഷ്ണൽ | 91/47A | I, II |
| 22 | കേരള സ്റ്റീൽ അസോസിയേറ്റ്സ് | 18/581 | I, II |
| 23 | ഹെക്സാഗൺ ബിസിനസ്സ് എന്റർപ്രൈസസ് | 7/258 A | I, II |
| 24 | PPG ASIAN PAINTS PVT LTD | 12/715 | I, II |
| 25 | ഫിനോലെക്സ് കേബിൾസ് | 12/566 A | I, II |
| 26 | V M Overseas Trading Company | 7/218/1 | I, II |
| 27 | യൂണിവേഴ്സൽ ജനസേവന കേന്ദ്രം | 1/366 F | I, II |
| 28 | GEEKOM Logistech പ്രൈവറ്റ് ലിമിറ്റഡ് | 21/502 A | I, II |
| 29 | Sky Way Cargo Corier Service | 6/349 | I, II |
| 30 | FYNEX Builders | 7/436 A | I, II |

4) ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പിക്കാനായില്ല.

5) ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ താഴെ ചേർത്ത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്ന്ന് സൂചിപ്പിച്ച് 26-11-2021ന് ഓഡിറ്റ് എൻക്വയറി (നമ്പർ – 6) നല്കിയിരുന്നെങ്കിലും ആയത് ഈടാക്കിയിട്ടുള്ളതായി മറുപടിയോ രേഖകളോ ലഭ്യമായില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | പേര് |
|---|---|
| 1 | എം ബി വിജയൻ , എറിയാട്ട്, കൊട്ടുവഴങ്ങ |
| 2 | ചന്ദ്രൻ കെ കെ, കോട്ടപ്പിള്ളിക്കുന്ന്, പാനായിക്കുളം |
| 3 | സലാഹുദ്ദീൻ.കെ.എ, കളത്തകത്ത്, വെളിയത്ത്നാട് |
| 4 | ബാബുമോൻ വർഗീസ്, ആലങ്ങാട് |
| 5 | സുനീഷ് കെ, നീറിക്കോട് |

| | |
|---|---|
| 6 | വർഗ്ഗീസ് ആന്റണി, കരുമാല്ലൂർ |
| 7 | ലിയാഖത്ത് അലി മൂപ്പൻ, ചിറയം, പാനായിക്കുളം |
| 8 | കെ ടി പോൾ, കൈതാരത്ത് കരുമാല്ലൂർ |
| 9 | ഇ.വി ഉണ്ണികൃഷണൻ |
| 10 | കുര്യാക്കോസ് ജോൺ, ആലുങ്കൽ, ഒലിയപ്പുറം |
| 11 | അനീഷ് സി എസ്, കരുമാലൂർ |
| 12 | നിപിൻ ഇ വി, ആലങ്ങാട് |
| 13 | നിഷാദ് വി ജെ, വെസ്റ്റ് വെളിയത്ത്നാട് |
| 14 | രാധാകൃഷ്ണൻ സി എസ്, ആലങ്ങാട് |
| 15 | സലാം ടി കെ, കോട്ടപ്പുറം |
| 16 | ജിതിൻ രാധാകൃഷ്ണൻ, കൊങ്ങോർപ്പിള്ളി |
| 17 | സരസ്വതി ബിൽഡേഴ്സ് , കാലടി |
| 18 | ഷിയാസ് കെ എസ്, കണ്ണംകുളത്ത്, കാക്കനാട് |
| 19 | പി ടി ആന്റണി, പണിക്കശ്ശേരി, കൊങ്ങോർപ്പിള്ളി |
| 20 | ശ്യംകുമാർ, എരിയേരിൽ, തിരുവാലൂർ |

6)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ,സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

7) പഞ്ചായത്ത് വാടകക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് വിശദാംശങ്ങളും, തൊഴിൽ നികുതി അടവാക്കിയോ എന്ന വിവരവും ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-14 സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ - അപാകതകൾ

സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ താഴെ ചേർത്ത കെട്ടിടങ്ങളുടെ ഉപയോഗക്രമം ആശുപത്രി എന്ന ഇനത്തിലാണ് സഞ്ചയയിൽ ചേർത്തിരിക്കുന്നത്. ഇവയിൽ നിന്നും 1999ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ/രജിസ്ട്രേഷൻ പുതുക്കൽ ഫീസോ ലൈസൻസ് ഫീസോ ഈടാക്കിയതായി കാണുന്നില്ല. ഇവയിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല. ആയത് സൂചിപ്പിച്ച് 25-11-2021 ൽ നൽകിയ എന്ക്വയറിക്ക്(നമ്പർ – 5) ഈ കെട്ടിടങ്ങൾ നിലവിൽ ആശുപത്രി ഉപയോഗമാണ് നടത്തുന്നതെന്നും രജിസ്ട്രേഷൻ പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും 29-11-2021ന് പഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുണ്ട്. ഈ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ചട്ട പ്രകാരമാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കേണ്ടതും ഇവയിൽ നിന്ന് പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ്, ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

| ക്രമ നം | കെട്ടിട നമ്പർ | കെട്ടിട ഉടമ |
|---|---|---|
| 2 | 6/198 | അഷ്റഫ് പത്താഴപുരക്കൽ |
| 8 | 18/625 | കെ എൽ ജോർജ്ജ് കാനപ്പിള്ളി |

2)താഴെ ചേർത്ത സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ പുതുക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്ന് രജിസ്ട്രേഷൻ പുതുക്കൽ ഫീസ്, ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല. ഇത് സൂചിപ്പിച്ച് 25-

11-2021 ൽ എന്ക്വയറി (നമ്പർ – 5) ക്ക് ഈ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് 29-11-2021 ൽ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ ചട്ട പ്രകാരമാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കേണ്ടതും ഇവയിൽ നിന്ന് പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ്, ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

| ക്രമ നം | കെട്ടിട നം | പേര് |
|---|---|---|
| 1 | 12/519 B | അമല ഡയഗ്നോസ്റ്റിക് സെന്റർ, നാലാം മൈൽ, പാനായിക്കുളം |
| 2 | 16/11 F | മെഡ്സോൺ ഡയഗ്നോസ്റ്റിക് സെന്റർ |
| 3 | 19/168 A | ശ്രീകൃപ ഹോമിയേ ക്ലിനിക്ക് കൊങ്ങോർപ്പിള്ളി |
| 4 | 19/491 F | ഋതു സെന്റർ ഫോർ സൈക്കോളജിക്കൽ വെൽനെസ് കൊങ്ങോർപ്പിള്ളി |
| 5 | 14/587 | വിഘ്നേശ്വര ലബോറട്ടറി |
| 6 | 18/170 | അശ്വിൻ ഹോമിയോ ക്ലിനിക്ക് കൊങ്ങോർപ്പിള്ളി |
| 7 | ലഭ്യമല്ല | അൽ നൂർ ഹോമിയോ ക്ലിനിക്ക് & റിസർച്ച് സെന്റർ ആലങ്ങാട് |

## 1-15 കെട്ടിടനികുതി കുറവായി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്ത കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം സഞ്ചയ പ്രകാരം 100 ച.മീറ്ററിന് മുകളിലാണ്. എന്നാൽ സഞ്ചയയിൽ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമമാണ് ഇവക്ക് നൽകിയിരിക്കുന്നത്. ഈ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 50 രൂപ/ച.മീറ്ററും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 60 രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി ആലങ്ങാട് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകിയത് മൂഖേന താഴെ ചേർത്ത പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവുണ്ടായിട്ടുണ്ട്. ആയത് സൂചിപ്പിച്ച് 28-11-2021 ന് ഓഡിറ്റ് എൻക്വയറി (നമ്പർ -11 A)നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. കുറവ് വന്ന തുക ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നും ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | 50 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കിയ വസ്തുനികുതി | 60 രൂപ/ ച.മീറ്റർ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | 5/125 A | ലൂസ്ലി ചാണ്ടി, വള്ളുവച്ചേരി | 108 | 5400 - 540 (കാലപ്പഴക്കം- 10% ഇളവ്) = 4860 | 6480 - 648 = 5832 | 972/- |
| 2 | 7/201 D | എം എസ് കുഞ്ഞുമൊയ്തീൻ, കണ്ടംപറമ്പ്, മൂത്തേടത്ത് | 116.16 | 5808 + 1161.6 ( വഴിസൗകര്യം - 20% വർദ്ധനവ്) = 6970 | 6969.6 + 1393.92 = 8364 | 1394/- |
| 3 | 7/237 | അബ്ദുൾ ലത്തീഫ്, ഐക്കരക്കുടിപള്ളത്ത് | 188.9 | 9445 - 944.5 (മേൽക്കൂര - 10% ഇളവ്) - 1889 (കാലപ്പഴക്കം - 20% ഇളവ്) = 6612 | 11334 - 1133.4 - 2266.8 = 7934 | 1322/- |
| 4 | 7/267 B | എം എ ഷംസുദ്ദീൻ, മണത്താട്ട്, | 112 | 5600 - 560 (മേൽക്കൂര - 10% ഇളവ്) + 1120(വഴിസൗകര്യം | 6720 - 672 + 1344 = | 1232/- |

| | | | | | | |
|---|---|---|---|---|---|---|
| | | മാളികംപീടിക | | - 20% വർദ്ധനവ്) = 6160 | 7392 | |
| 5 | 7/457 A | കെ പി ജലജ കുമാരി & ഈശ്വരൻ നമ്പൂതിരി, പേൾഗാർഡൻ, വെളിയത്ത്നാട് | 294 | 14700 + 2940 (വഴിസൗകര്യം - 20% വർദ്ധനവ്)= 17640 | 17640 + 3528 = 21168 | 3528/- |
| 6 | 7/457 B | കെ പി ജലജ കുമാരി & ഈശ്വരൻ നമ്പൂതിരി, പേൾഗാർഡൻ, വെളിയത്ത്നാട് | 294 | 14700 + 2940(വഴിസൗകര്യം - 20% വർദ്ധനവ് - 882(ബഹുനില വാണിജ്യാവശ്യം - 5% ഇളവ്) = 16758 | 17640 + 3528 - 1058.4 = 20110 | 3352/- |
| 7 | 9/21 A | സുജ വളപ്പുരക്കൽ, തിരുവാലൂർ | 118.4 | 5920 - 592 (മേൽക്കൂര - 10% ഇളവ്) + 1184(വഴിസൌകര്യം - 20% വർദ്ധനവ്) = 6512 | 7104 - 710.4 + 1420.8 = 7814 | 1302/- |
| 8 | 12/252 B | സജിത്ത് & നൂറിയ ഹൗസ് നമ്പർ 34/817 B, കൊച്ചിൻ കോർപറേഷൻ | 748.8 | 37440 | 44928 | 7488/- |
| 9 | 12/524 A | പി.കെ മുഹമ്മദ്, പടിഞ്ഞാറേക്കര, പാനായിക്കുളം | 286 | 14300 - 1430(മേൽക്കൂര - 10% ഇളവ്) + 2860(വഴിസൗകര്യം - 20% വർദ്ധനവ്) = 15730 | 17160 - 1716 + 3432 = 18876 | 3146/- |
| 10 | 12/524 B | പി.കെ മുഹമ്മദ്, പടിഞ്ഞാറേക്കര, പാനായിക്കുളം | 286 | 14300 - 1430 (മേൽക്കൂര - 10% ഇളവ്) + 2860 (വഴിസൗകര്യം - 20% വർദ്ധനവ്) = 15730 | 17160 - 1716 +3432 = 18876 | 3146/- |
| 11 | 14/575 A | അബ്ദുള്ള കരുവേലിപ്പറമ്പിൽ (വേഴപ്പിള്ളി), പാനായിക്കുളം | 249.6 | 12480 - 1248 (മേൽക്കൂര - 10% ഇളവ്) + 2496 (വഴിസൗകര്യം - 20% വർദ്ധനവ്) = 13728 | 14976 - 1497.6 + 2995.2 = 16474 | 2746/- |
| 12 | 17/127 B | ജെസ്റ്റിൻ കൊച്ചിക്കാട്ട്, ഒളനാട് | 107.55 | 5377.5 + 1075.5 (വഴിസൗകര്യം - 20% വർദ്ധനവ്) = 6453 | 6453 + 1290.6 = 7744 | 1291/- |
| 13 | 18/556 B | സെബാസ്റ്റ്യൻ ജെയിംസ്, പട്ടമന, ഒളനാട് | 101.14 | 5057+ 1011.4 (വഴിസൗകര്യം - 20% വർദ്ധനവ്) - 303.45 (ബഹുനില വാണിജ്യാവശ്യം - 5% ഇളവ്) = 5766 | 6068.4 + 1213.68 - 364.104 = 6918 | 1152/- |
| 14 | 21/502 C | ജോർജ്ജ് എം.എസ്, അൽസ്റ്റോൺ ബിൽഡേഴ്സ് ഡെവലപ്മെന്റ്സ് | 2403 | 120150 - 12015 (മേൽക്കൂര - 10% ഇളവ്) + 24030 (വഴിസൗകര്യം - 20% വർദ്ധനവ്) = 132165 | 144180 - 14418 + 28836 = 158598 | 26433/- |

| | | | | | |
|---|---|---|---|---|---|
| | | പ്രൈവറ്റ് ലിമിറ്റഡ് കരിങ്ങാം തുരുത്ത് | | | |
| | | | | ആകെ | 58504/- |

## 1-16 ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2020-2021 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ജിഒ(പി)നം 80/2017 ത.സ്വ.ഭ.വ.എസ്.ആർ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കെ.പി.ആർ (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി വരുത്തുകയും, ചട്ടത്തിലെ പട്ടിക 2ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ,മിനി,സ്മോൾ,മീഡിയം,ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് 500 രൂപ,1000 രൂപ,5000 രൂപ, 10000 രൂപ, 15000 രൂപ എന്നിങ്ങനെ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആലങ്ങാട് ഗ്രാമ പഞ്ചായത്തിൽ 2020-2021 സാമ്പത്തിക വർഷം 100, 200, 300, 500, 1000, 1500, 2000, 3000, 4000, 5000, 10000 എന്നിങ്ങനെ വ്യത്യസ്ത നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. സ്ലാബ് നിശ്ചയിച്ചത് സംബന്ധിച്ച് കമ്മിറ്റി തീരുമാനം ഇല്ല. സ്ലാബ് നിശ്ചയിച്ചത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതെന്നും വ്യക്തമല്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സ്ഥാപനം | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 8/179 | കൃഷ്ണ ഫ്യുവൽസ് കോട്ടപ്പുറം | 2500000 | 4000 |
| 8/232 | എ എച്ച് എസ് ഫ്യുവൽസ് | രേഖപ്പെടുത്തിയിട്ടില്ല. | 1000 |
| 13/67 B | മഹാദേവ ഫ്ലോർ മിൽ | 300000 | 500 |
| 8/577 | വിതയത്തിൽ സാനിറ്ററി & ഹാർഡ് വെയർ | 500000 | 300 |
| 13/380 F | മെഡി ക്യുവർ മൾട്ടി സ്പെഷ്യാലിറ്റി ഫാമിലി ക്ലിനിക്ക് | 700000 | 200 |
| 6/529 A | ശങ്കരനാരായണൻ എൻ. ടി.വി.എസ് സുന്ദരം അയ്യങ്കാർ & സൺസ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടപ്പുറം | 536 ലക്ഷം | 5000 |
| 7/234 | M/S ഓട്ടോബാൻ ട്രക്കിംഗ് കോർപറേഷൻ പ്രൈവറ്റ് ലിമിറ്റഡ് | 643 ലക്ഷം | 4000 |

2) ചില അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇവയിൽ നിന്നും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|
| | | |

| | | |
|---|---|---|
| 6/548 | കല്ലൻസ് ഗ്രാനൈറ്റ്സ് & ടൈൽസ് | 1000 |
| 7/276 B | Jayem Warehousing Pvt Ltd. | 1000 |
| 7/258 A | എസ് ഗോപാല കമ്മത്ത് പ്രൈവറ്റ് ലിമിറ്റഡ് | 4000 |
| 8/303 | ഷാ ഇൻഡസ്ട്രീസ് | 1000 |
| 12/252 C | ട്രോപ്പിക്കൽ ട്രേഡേഴ്സ് | 5000 |
| 12/584 A | കേരള ആയുർവേദ ലിമിറ്റഡ് | 4000 |
| 21/45 A | ജീത്ത് പാക്കേജ് | 1000 |
| 18/581 | കേരള സ്റ്റീൽ അസോസിയേറ്റ്സ് | 5000 |

മേൽ ചേർത്ത അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്ടതാണെന്ന് സൂചിപ്പിച്ച് 25-11-2021 ൽ ഓഡിറ്റ് എൻക്വയറി (നമ്പർ – 4) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. മൂലധന നിക്ഷേപം കുറവുള്ള സ്ഥാപനങ്ങളേക്കാൾ കുറവ് ലൈസൻസ് ഫീസ് മൂലധന നിക്ഷേപം കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയതിനും മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത സ്ഥാപനങ്ങളിൽ നിന്നും ഏത് മാനദണ്ഡ പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ജിഒ(പി)നം 80/2017 ത.സ്വ.ഭ.വ.എസ്.ആർ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള സ്ലാബ് പഞ്ചായത്ത് നിശ്ചയിക്കേണ്ടതും ആയത് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 പഞ്ചായത്ത് ഓഫീസിലേക്കും ഘടകസ്ഥാപനങ്ങളിലേക്കും കംപ്യൂട്ടർ, പ്രിന്റർ, സ്കാനർ - ഉപകരണങ്ങളുടെ സപ്ലൈ ഭാഗികം.

പ്രോജക്റ്റ് നമ്പർ : SO132/21

നിർവ്വഹണം : സെക്രട്ടറി

ആകെ ചെലവ് : 232195 രൂപ(തനത് ഫണ്ട്)

പഞ്ചായത്ത് ഓഫീസിലേക്കും ഘടകസ്ഥാപനങ്ങളിലേക്കും കംപ്യൂട്ടർ (4), പ്രിന്റർ (1), സ്കാനർ (3) എന്നിവ സപ്ലൈ ചെയ്യുന്നതിനു വേണ്ടി കെൽട്രോണിന് CPRCS മുഖേന സപ്ലൈ ഓർഡർ നല്കുകയും ഇതിനായി 232195 രൂപ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട് (ചെക്ക് നം.4323901 തി. 17-3-2021). എന്നാൽ പ്രസ്തുത ഉപകരണങ്ങൾ ലഭ്യമായത് സംബന്ധിച്ച് വിവരങ്ങൾ ഫയലിൽ ഇല്ല. മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടിലും തുക നല്കി എന്നും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച നിലവിലെസ്ഥിതി ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു (നമ്പർ 11). നാലു കമ്പ്യൂട്ടറുകൾ 25-11-2021 ന് ലഭ്യമായിട്ടുണ്ടെന്നും മൂന്ന് മൾട്ടിഫങ്ഷൻ പ്രിന്ററുകളും ഒരു പ്രിന്ററും ലഭിക്കാനുണ്ട് എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നാലു കമ്പ്യൂട്ടറുകളുടെ വിലയായ 1,59,188/- രൂപ ഒഴികെ ബാക്കി ഉപകരണങ്ങൾക്ക് നൽകിയ 73,007/- രൂപ സപ്ലൈ പൂർത്തീകരിക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു. (23219-159188= 73007)

## 1-18 ലീവ് സറണ്ടർ ആനുകൂല്യത്തിന് നിരോധനമുള്ള വേളയിൽ ജീവനക്കാർക്ക് സറണ്ടർ ആനുകൂല്യം അനുവദിച്ചു.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ടുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ മറികടക്കുന്നതിനായി സർക്കാർ ജി.ഓ.(പി) നം.42/2020/Fin 16-04-2020 ഉത്തരവിലൂടെ നടപ്പിലാക്കിയ എക്കോണമി മേഷേഴ്സ് പ്രകാരം ജീവനക്കാർക്കുള്ള ലീവ് സറണ്ടർ ആനുകൂല്യം ഉത്തരവ് തിയതി മുതൽ മൂന്ന് മാസത്തേക്ക് മാറ്റിവയ്ക്കപ്പെട്ടിരുന്നു.

തുടർന്ന് ജി.ഓ.(പി) നം.94/2020/Fin 17-07-2020 മുഖേന ഇത് സെപ്തംബർ 15th 2020 വരെ ഇത് ദീർഘിപ്പിക്കപ്പെട്ടിട്ടുണ്ട്. തുടർന്ന് ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുള്ളത് 05-11-2020 ൽ സ.ഉ. (അ) നം. 152/2020/ധന. ആണ്. ഇതിൽ ആദ്യ ആമുഖ പരാമർശം തന്നെ ജി.ഓ.(പി) നം.42/2020/Fin 16-04-2020, ജി.ഓ.(പി) നം.94/2020/Fin 17-07-2020 ഉത്തരവുകൾ പ്രകാരം നിലവിൽ മാറ്റിവച്ചിരിക്കുന്ന ലീവ് സറണ്ടർ ആനുകൂല്യം 2020 നവംബർ മാസം മുതൽ പി.എഫ്.ൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ അനുവദിക്കുന്നതാണെന്നാണ്. എന്നാൽ ആലങ്ങാട് പഞ്ചായത്തിലെ

താഴെ ചേർത്തിട്ടുള്ള ജീവനക്കാർക്ക് ഒക്ടോബർ മാസത്തിൽ തന്നെ സറണ്ടർ ആനുകൂല്യം നല്കിയതായി കാണുന്നു. അത് പി.എഫിൽ ലയിപ്പാക്കാതെ കാഷ് ആയി നല്കിയതായാണ് കാണുന്നത്.

| ക്രമ നം | പേര് | തസ്തിക | തുക | ചെക്ക് നം , തിയതി |
|---|---|---|---|---|
| 1 | നീതു സുഗുണൻ | ക്ലർക്ക് | 25000 | 055446/1-10-2020 |
| | പ്രീത പ്രഭ | അസിസ്റ്റന്റ് സെക്രട്ടറി | 48650 | -Do- |
| | രമ്യ കെ.ബി. | അക്കൌണ്ടന്റ് | 44090 | -Do- |
| | ശാരിമോൾ പി.ജി. | ക്ലർക്ക് | 25000 | -Do- |
| 2 | ജൈസൻ എൻ.വി. | ഹെഡ് ക്ലർക്ക് | 45170 | 055468/12-10-20 |

മേൽ നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു (നം 5). ആയതിന് ലഭ്യമാക്കിയ മറുപടിയിൽ സറണ്ടർ ആനുകൂല്യം ഒക്ടോബർ മാസത്തിൽ സറണ്ടർ ആനുകൂല്യം നല്കുന്നതിന് തടസ്സം ഒന്നും തന്നെയില്ല എന്നും പിന്നീട് ഉത്തരവ് 05-11-2020 ൽ മാത്രമാണ് ഉണ്ടായിട്ടുള്ളതെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത ഉത്തരവിന്റെ ആദ്യ പരാമർശത്തിൽ നിന്ന് തന്നെ സറണ്ടർ ആനുകൂല്യത്തിന് നിലവിൽ നിരോധനം ഉണ്ടെന്ന് വ്യക്തമാകുന്നു. 5-11-2020 മുതൽ മാത്രമാണ് നിരോധനം നീക്കം ചെയ്തിട്ടുള്ളത്. മാത്രവുമല്ല മേൽ ഉത്തരവിൽ പോലും സറണ്ടർ ആനുകൂല്യം പി.എഫ്. ലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനാണ് അനുവാദം ഉള്ളത്. ആനുകൂല്യം കാഷ് ആയി നല്കിയതിനും കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ മറികടക്കുന്നതിനായി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-19 ഘടകസ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങൽ-ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി

പ്രോജക്റ്റ് നമ്പർ: 184/21

നിർവ്വഹണം : സെക്രട്ടറി

ആകെ ചെലവ് : 114000/- രൂപ(പൊതുവിഭാഗം ജനറൽ ഫണ്ട്)

മേൽ പദ്ധതിയുടെ ഭാഗമായി 114000/- ചെലവ് ചെയ്ത് KSIE LTDൽ നിന്ന് 15 എണ്ണം എയർപോർട്ട് ചെയറുകൾ വാങ്ങിയിട്ടുണ്ട്. ഒരു ത്രീ സീറ്റർ ചെയറിന് 6386.55 രൂപ (+ 18% GST + 1% Cess) നിരക്കിലാണ് തുക നല്കിയിട്ടുള്ളത് (വൗച്ചർ നമ്പർ 22000725 തി.11-4-2020). ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങൽ നടത്തിയതായാണ് ഫയലിൽ നിന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെടുന്നത്. സ്റ്റോർ പർച്ചേസ് മാന്വലിലെ പാര 9.3 ഇളവ് ചെയ്തുകൊണ്ടും വാങ്ങാൻ ഉദ്ദേശിക്കുന്ന ഉൽപ്പന്നം ടെണ്ടർ നടപടികൾ കൂടാതെ പ്രസ്തുത സ്ഥാപനത്തിൽനിന്ന് വാങ്ങാവുന്നതാണെന്ന് രേഖപ്പെടുത്തിക്കൊണ്ടുമുള്ള കൃത്യമായ സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ മാത്രമേ ഇത്തരത്തിൽ ടെണ്ടർ നടപടി കൂടാതെ വാങ്ങാൻ സാധിക്കുകയുള്ളു. ചെയറുകളോ മറ്റേതെങ്കിലും ഫർണ്ണീച്ചറോ KSIE LTD ൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലില്ല. അതിനാൽ ടെണ്ടർ നടപടി കൂടാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളതെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു (നം 9). ആയതിന് ലഭ്യമാക്കിയ മറുപടിക്കൊപ്പം ടി സ്ഥാപനം സ്റ്റീൽ ഫർണ്ണീച്ചർ ഉൾപ്പെടെ വിവിധ ഉപകരണങ്ങളുടെ അപ്രൂവ്ഡ് സപ്ളൈയർ ആണെന്നുള്ള ഗവൺമെന്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസി ആണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ സർക്കാർ ഉത്തരവ് ലഭ്യമാക്കുകയുണ്ടായില്ല. അതിനാൽ ഭാവിയിൽ ഇത്തരത്തിൽ ടെണ്ടർ നടപടി കൂടാതെ വാങ്ങൽ നടത്തുമ്പോൾ പ്രസ്തുത സ്ഥാപനത്തിന് അതിന്നാവശ്യമായ സർക്കാർ ഉത്തരവ് ഉണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-20 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി- അപാകതകൾ

പ്രോജക്റ്റ് നമ്പർ : 121/21

നിർവ്വഹണം: സെക്രട്ടറി

ആകെ ചെലവ് : 1327148/- രൂപ (തനത് ഫണ്ട്)

അംഗീകരിക്കപ്പെട്ട പദ്ധതിയുടെ അടങ്കൽ 22 ലക്ഷം രൂപയായിരുന്നു. എന്നാൽ പിന്നീട് പദ്ധതി നടപ്പാക്കുന്ന ഘട്ടമെത്തുമ്പോഴേക്കും ഫയൽ പ്രകാരവും സുലേഖ ചെലവ് പത്രിക പ്രകാരവുമെല്ലാം അടങ്കൽ തുക 16 ലക്ഷമായി മാറിയതായി കാണുന്നു. അതായത് യഥാർത്ഥത്തിൽ ചെലവായതുകയിൽനിന്നും മുൻവർഷം ചെലവ് വന്ന തുകയിൽനിന്നുമെല്ലാം വളരെ കൂടിയ തുകയാണ് അടങ്കലായി 2020-21 വർഷം നിർണ്ണയിച്ച് പദ്ധതി ടെണ്ടർ ചെയ്തത്. പോസ്റ്റ് നമ്പർ, അവയിൽ സ്ഥാപിച്ചിട്ടുള്ള ലൈറ്റുകളുടെ തരം (ഉദാ: LED, CFL, ഫ്ലൂറസെന്റ് ട്യൂബുകൾ) എണ്ണം (ഉദാ: സിംഗിൾ /ഡബിൾ) എന്നിവ വാർഡ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്ററിന്റെ അഭാവത്തിൽ, കാലാകാലങ്ങളായി ടെണ്ടർ ചെയ്യുമ്പോൾ നല്കുന്ന പത്രപ്പരസ്യങ്ങളിലെ ഡാറ്റാ ആധാരമാക്കിയും അതിനോട് പുതുതായി വാങ്ങിയ ലൈറ്റുകളുടെ എണ്ണം ചേർത്തുകൊണ്ടും ആണ് ആകെ എണ്ണം നിർണ്ണയിക്കുന്നതെന്നാണ് ഇത് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ ഉള്ള തെരുവ് വിളക്കുകളുടെ എണ്ണം ഈ കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാനാവശ്യമായ രേഖകളോ നേരിട്ട് ഫീൽഡിൽ നടത്തിയിട്ടുള്ള പരിശോധനാ റിപ്പോർട്ടോ ഇല്ല. മുൻവർഷങ്ങളിൽ ഉണ്ടായിരുന്ന തെരുവ് വിളക്കുകൾ മാറ്റിക്കൊണ്ട് അതേ പോസ്റ്റുകളിൽ പുതിയ തരം ലൈറ്റുകൾ (ഉദാ LED ലൈറ്റുകൾ) സ്ഥാപിക്കപ്പെടുന്ന സാഹചര്യങ്ങളിൽ മുമ്പുണ്ടായിരുന്ന ഫ്ലൂറസെന്റ് ട്യൂബുകൾ മുതലായവ ആകെ എണ്ണത്തിൽ കുറവ് ചെയ്യേണ്ടതുമുണ്ട്. എന്നാൽ ഇതൊന്നും ഉറപ്പ് വരുത്താൻ ഉതകുന്ന രേഖകളുടെ അടിസ്ഥാനത്തിലല്ല ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ തെരുവ് വിളക്കുകളുടെ യഥാർത്ഥ എണ്ണം കണക്കാക്കുന്നതിലുണ്ടാകുന്ന പിഴവ് പദ്ധതി രൂപീകരണഘട്ടത്തിൽ ആകെ അടങ്കൽ തുകയുടെ നിർണ്ണയത്തിലും പ്രതിഫലിക്കുന്നു. പദ്ധതി നടപ്പാക്കിയ ഘട്ടത്തിലും അപാകതകൾ ഉണ്ടായിട്ടുണ്ട്. വാർഡ് മെമ്പർമാർ നല്കിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയിട്ടുള്ളത്. എന്നാൽ റിപ്പയർ ചെയ്ത ലൈറ്റുകളുടെ എണ്ണം, പോസ്റ്റ് നമ്പർ എന്നീ വിവരങ്ങൾ സാക്ഷ്യപത്രത്തിലില്ല. വാർഡിലെ തെരുവ് വിളക്കുകളുടെ മെയ്ന്റനൻസ് പൂർത്തീകരിച്ചിട്ടുണ്ടെന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കരാർ എടുത്തയാൾ തുക ക്ലെയിം ചെയ്തുകൊണ്ട് നല്കിയ കത്തിലും റിപ്പയർ ചെയ്ത ലൈറ്റുകളുടെ എണ്ണം, നിരക്ക്, ആകെ ബിൽ തുക എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. അംഗീകരിക്കപ്പെട്ട ടെണ്ടർ തുക തുല്യ ഇൻസ്റ്റാൾമെന്റുകളായി അനുവദിക്കപ്പെടുകയാണുണ്ടായിട്ടുള്ളത്. AMC അടിസ്ഥാനത്തിലാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതെന്നും അതിനാൽ അതിനാൽ എഗ്രീഡ് ടെണ്ടർ തുക തന്നെ നല്കുകയാണ് പതിവെന്ന് ആണ് സെക്ഷൻ അറിയിച്ചത്. വർഷങ്ങളായി ഈ രീതിയാലാണ് പ്രവൃത്തി നടത്തിവരുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ രജിസ്റ്റർ സൂക്ഷിക്കാത്ത സാഹചര്യത്തിലും വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ എണ്ണം, തരം എന്നിവ സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ലാത്തതിനാലും പഞ്ചായത്ത് നിർണ്ണയിക്കുന്ന അടങ്കൽ തുകക്ക് ആധികാരികത ഉറപ്പിക്കാനാകില്ല. അത്തരത്തിൽ നിർണ്ണയിക്കപ്പെടുന്ന അടങ്കൽ തുകയുടെ അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്യപ്പെടുമ്പോൾ ബിഡ് എമൗണ്ടുകളിലും ആയത് പ്രതിഫലിക്കുന്നു. ഒരു ഓഫീസിലുള്ള കമ്പ്യൂട്ടറുകൾക്കോ അതുപോലുള്ള ഉപകരണങ്ങൾക്കോ AMC നല്കുമ്പോൾ അത് കൃത്യമായി എണ്ണിത്തിട്ടപ്പെടുക എന്നത് എളുപ്പമാണ്. റിപ്പയർ വേലകൾ ചെയ്തതിന്റെ എണ്ണം, പ്രവൃത്തിയുടെ ഗുണമേന്മ എന്നിവ അപ്പോൾ തന്നെ ബോധ്യപ്പെടുന്നു. എന്നാൽ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കപ്പെട്ട തെരുവുവിളക്കുകളുടെ കാര്യത്തിൽ ഈ രീതിയിൽ കൃത്യത നിർണ്ണയിക്കുക എളുപ്പമല്ല. അതിനാൽ തന്നെ AMC വ്യവസ്ഥയിൽ നടത്തപ്പെടുന്നുവെങ്കിലും കൃത്യമായ ബിൽ, എണ്ണം ഉൾപ്പെടെയുള്ള സാക്ഷ്യപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ തുക നല്കുന്ന രീതി അവലംബിക്കുന്നതാകും പഞ്ചായത്തിനെ സംബന്ധിച്ച് ഗുണകരമാകുക. മേൽ കാര്യങ്ങൾ സംബന്ധിച്ച പഞ്ചായത്തിന്റെ വിശദീകരണവും അഭിപ്രായവും ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ചുകൊണ്ട് എൻക്വയറി നല്കിയിരുന്നു (നമ്പർ 10). വാർഡ് അടിസ്ഥാനത്തിൽ രജിസ്റ്റർ തയ്യാറാക്കുന്നത് ശ്രമകരമായ ജോലിയാകാമെങ്കിലും ആയതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ തെരുവ് വിളക്കുകളുടെ എണ്ണം സ്ഥലപരിശോധനയിലൂടെ കൃത്യമായി നിർണ്ണയിച്ചുകൊണ്ട് ടെണ്ടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്. റിപ്പയർ ചെയ്ത ലൈറ്റുകളുടെ എണ്ണം, നിരക്ക്, ആകെ തുക എന്നിവ രേഖപ്പെടുത്തിയ ബില്ലിന്റെയും റിപ്പയർ ചെയ്ത ലൈറ്റുകളുടെ എണ്ണം കൂടിയുള്ള മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും തുക അനുവദിക്കേണ്ടതാണ്.

## 1-21 ഫണ്ട് ദുർവിനിയോഗം-രൂ.5000/സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി. സ്കൂൾ , നീറിക്കോട്. |
| | |

| | |
|---|---|
| പ്രോജക്ട് നം. | 91/20-21 |
| ബിൽ നം./തീയതി | 110/20-21 തീയതി 06.07.2020 |
| പ്രോജക്ടിന്റെ പേര് | സഹായഅധ്യാപകർക്ക് ഹോണറേറിയം |
| തനത് ഫണ്ട് -അടങ്കൽ | രൂ.50000/- |
| തനത് ഫണ്ട് - ചെലവ് | രൂ.5000/- |
| ആകെ പദ്ധതി അടങ്കൽ | രൂ.50000/- |
| ആകെ പദ്ധതി ചെലവ് | രൂ.5000/- |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ സബ്സിഡി- ധനസഹായങ്ങൾക്കുള്ള മാർഗ്ഗരേഖ (സ.ഉ.(കൈ)നം.22/2018തസ്വഭവ തീയതി 14.02.2018) യിലെ ഖണ്ഡിക.8.10 പ്രകാരം, പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളം/ഹോണറേറിയം നൽകുവാൻ പാടില്ല. എന്നാൽ 2019-20 വർഷം ഹെഡ്മിസ്ട്രസ്, ഗവൺമെന്റ് എൽ.പി. സ്കൂൾ, നീറിക്കോട് "സഹായഅധ്യാപകർക്ക് ഹോണറേറിയം" എന്ന പ്രോജക്ടിലൂടെ തനതുഫണ്ട് തുക 5000/- രൂപ നീറിക്കോട്, ഗവൺമെന്റ് എൽ.പി. സ്കൂളുകളിലെ സഹായഅധ്യാപകന് ഹോണറേറിയം നൽകുവാനായി ചെലവഴിച്ചു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം/തീയതി | സഹായഅധ്യാപകർക്ക് ഹോണറേറിയം |
|---|---|---|
| 1. | 110/20-21, തീയതി 06.07.2020 | 5000.00 |

ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 8-2.1) മറുപടിയായി, എൽ.പി. സ്കൂളിൽ ഹെഡ്മാസ്റ്ററെ സഹായിക്കാൻ ക്ളർക്ക്, പ്യൂൺ എന്നിവർ ഇല്ലായെന്നും, ഉച്ചഭക്ഷണത്തിന്റെ ചുമതലയും, ഓഫീസ് സംബന്ധമായ മറ്റ് ചുമതലകളും ഹെഡ്മാസ്റ്റർക്ക് നിർവ്വഹിക്കേണ്ടതിനാൽ ടിയാൾക്ക് ചാർജ്ജുള്ള ക്ലാസിൽ പോലും എല്ലാ ദിവസവും പഠിപ്പിക്കുവാൻ കഴിയാതെ വന്നതിനാലാണ് സഹായഅധ്യാപികയുടെ സേവനം പഞ്ചായത്ത് കമ്മിറ്റി (10.06.2020 തീയതി നടന്ന മീറ്റിംഗിലെ 22(3)-ാം നമ്പർ തീരുമാനം) ലഭ്യമാക്കിയതെന്നും, തന്മൂലം സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വൻവർദ്ധനവുണ്ടായിയെന്നും, ഹെഡ്മിസ്ട്രസ് അറിയിച്ചു. ഈ പദ്ധതി ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടുണ്ടെങ്കിലും, മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കുള്ള ധനസഹായം നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമായതിനാലും, സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതിനാലും (ഖ.2.3) സർക്കാർ അനുമതിയില്ലാതെ സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് നടപ്പിലാക്കിയ ഈ പ്രോജക്ടിന്റെ ചെലവ് തുകയ്ക്ക് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദികളായവരിൽ നിന്നും ചെലവ് തുക ഈടാക്കേണ്ടതാണ്.

## 1-22 മെഡിക്കൽ ഓഫീസർ, ഹോമിയോ - മരുന്ന് ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ട് നം. | 101/20-21 |
| ബിൽ നം./തീയതി | 155/20-21 തീയതി. 09.09.2020 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| മെയിന്റനൻസ്ഫണ്ട്(റോഡിതരം) -അടങ്കൽ | രൂ.3,00,000/- |

| | |
|---|---|
| " " ചെലവ് | രൂ.3,00,000/- |

മെഡിക്കൽ ഓഫീസർ, ഹോമിയോ **20-21** സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ 3,00,000/- രൂപ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചു. എന്നാൽ മരുന്ന് ഡിസ്പെൻസറിയിൽ ഇതുവരെ ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കുമ്പോൾ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിനായി ഹാജരാക്കുന്നതുവരെ 3,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-അവലോകനം

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം 205/21 നമ്പർ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ തുടങ്ങുന്നതിന് തീരുമാനിച്ചുവെങ്കിലും തൻവർഷം ആയതിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നില്ല. എന്നാൽ ഡൊമിസിലിയറി കെയർ സെന്റർ തുടങ്ങുകയും 2020-21 വർഷം 6,44,375/-രൂപ ചെലവഴിക്കുകയും ചെയ്തു. കൊങ്ങോർപ്പള്ളി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിൽ 16.05.2021 തീയതിയിൽ 50 ബെഡ് ഉപയോഗിച്ച് ഡൊമിസിലിയറി കെയർ സെന്റർ പ്രവർത്തിച്ചിരുന്നു. ഡൊമിസിലിയറി കെയർ സെന്ററിന്റെ പ്രവർത്തനം തൃപ്തികരമായി രീതിയിലാണ് പ്രവർത്തിച്ചിരുന്നത്. പഞ്ചായത്തിലെ 21വാർഡുകളിലും റാപ്പിഡ് റെസ്പോൺസ് ടീം (RRT) രൂപീകരിച്ചിട്ടുണ്ട്. എല്ലാ ആഴ്ചയിലും വാർഡ് മെമ്പറുടെ അധ്യക്ഷതയിൽ യോഗം ചേരുകയും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം വിലയിരുത്തുകയും പോരായ്മ വിശകലനം ചെയ്ത് പരിഹരിച്ച് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 2020-21 എപ്രിൽ, മെയ് മാസങ്ങളിൽ വാർ റൂം, ഹെൽപ്പ് ഡെസ്ക്, കോർ ടീം എന്നിവ പ്രവർത്തിച്ചിരുന്നുവെങ്കിലും ഹെൽപ്പ് ഡെസ്ക് ഒഴികെയുള്ള സംവിധാനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല. ഡൊമിസിലിയറി കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കുകയും ചെയർമൻ പ്രസിഡന്റും കൺവീനർ മെഡിക്കൽ ഓഫിസറും, സെക്രട്ടറി, ആരോഗ്യക്ഷേമ സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൻ എന്നിവർ മെമ്പേഴ്സുമാണ്. കുടുബശ്രീ നടത്തിയ കമ്മ്യൂനിറ്റി കിച്ചനുകളിൽ നിന്നും യഥാസമയം ഭക്ഷണം എത്തിക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിച്ചിരുന്നു. ഓരോ വാർഡിലും 50 വീടുകളുടെ ക്ലസ്റ്ററുകളായി തിരിച്ച് രോഗ വ്യാപനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ വാക്സിനേഷന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും പരമാവധി ആളുകൾക്ക് ആയതിന്റെ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡൊമിസിലിയറി കെയർ സെന്ററിലേക്ക് വാങ്ങിയ സാധനങ്ങൾക്ക് കൃത്യമായ രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്. സംഭാവന ഇനത്തിൽ ലഭിക്കുന്ന തുക നിക്ഷേപിക്കുന്നതിന് കൊങ്ങോർപ്പള്ളി എസ്.ബി.എെ ബ്രാഞ്ചിൽ 39522242950 നമ്പറായി അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതാണ്. ബാങ്ക് പാസ് ബുക്ക്, വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. വാർഡ് തലത്തിൽ പൾസ് ഓക്സിമീറ്റർ സിഎച്ച്സി. ആശാവർക്കർ മുഖേന വാർഡുകളിൽ വിതരണം ചെയ്ത് ഉപയോഗിക്കുന്നുണ്ട്. 2020-21 വർഷം കോവിഡ് പ്രവർത്തനങ്ങൾക്ക് വേണ്ടി 19000/-രൂപ സംഭാവന ലഭിച്ചിരുന്നു.

2020-21 വർഷം കോവിഡ് പ്രവർത്തനങ്ങൾക്ക് വേണ്ടി ലഭിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | തനത് ഫണ്ട്(പ്രോജക്ട്) | 3,54,064 |
| 2 | ഡി.ഡി.എം.എ | 1,00,000 |
| 3 | ജില്ലാ പഞ്ചായത്ത് | 50,000 |
| 4 | തനത് ഫണ്ട്(കണ്ടിജന്റ് ചെലവ്) | 2,90,311 |
| **ആകെ** | | 7,94,375 |
| ആകെ ചെലവ് | | 6,44,375 |
| ബാലൻസ് | | 150,000 |

ഗ്രാമപഞ്ചായത്തിൽ തൃപ്തികരമായ രീതിയിലാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

## 1-24 ഓഡിറ്റ് ഇംപാക്ട്

എ)ആലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറികൾ മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന്, താഴെപ്പറയുന്ന തുകകൾ അടവാക്കുകയുണ്ടായി.

| എൻക്വയറി നം. / തീയതി | ഇനം | രസീത് നം./ തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1/21.11.2021 | രസീത് മുഖേന പിരിച്ച പണം പഞ്ചായത്തിൽ അടവാക്കാത്തത് സംബന്ധിച്ച് | 1210101951/ 24.11.2021 | 349/- |
| 6/26.11.2021 | തൊഴിൽ നികുതി | 1210102057/ 27.11.2021 | 250/- |

ബി) തിരുവാല്ലൂർ, കാരിപ്പുഴ, കല്ലുപാലം തോട് പുനരുദ്ധാരണം എന്ന പ്രോജക്ടിൽ എർത്ത് വർക്ക് ഇൻ എക്സ്കവേഷൻ എന്ന പദ്ധതിയിൽ അളവ് കണക്കാക്കിയതിൽ വ്യത്യാസം വന്നതിനെ തുടർന്ന് 29-11-2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി -12 നുള്ള മറുപടിയിൽ രസീത് നമ്പർ 1210102191/30.11.2021 പ്രകാരം തുക 15547/- രൂപ അടവാക്കിയിട്ടുണ്ട്.

## 1-25 ദുരിതാശ്വാസനിധി

2003 -ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ

പ്രകാരം പേമാരി, വെള്ളപ്പൊക്കം, അത്യാഹിതം, മാറാരോഗങ്ങൾ തുടങ്ങിയവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങാവുന്നതാണ്. എന്നാൽ ആലങ്ങാട് പഞ്ചായത്തിൽ ഇപ്രകാരം ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പഞ്ചായത്ത് ഇടപ്പള്ളി സിറ്റി യൂണിയൻ ബാങ്കിൽ ഒരു കറന്റ് അക്കൗണ്ട് 28.5.2021 – ൽ തുടങ്ങിയിട്ടുണ്ട്. 3.6.2021 വരെ ഈ അക്കൗണ്ടിൽ ആകെ 18902 രൂപ സംഭാവനയായി വരവുണ്ട്. അതിനുശേഷം വരവ് ഇല്ല. ഇതിൽ നിന്നും ചെലവുകൾ ഒന്നും നടത്തിയിട്ടില്ല.

ചട്ടങ്ങൾക്ക് വിരുദ്ധമായി ഈ അക്കൗണ്ട് ഒരു സ്വകാര്യമേഖലയിൽപ്പെടുന്ന ബാങ്കിൽ ആണ് തുടങ്ങിയിരിക്കുന്നത്. പഞ്ചായത്ത് അതിർത്തിയിൽ ആവശ്യത്തിന് ദേശസാൽകൃത ബാങ്കുകളും സഹകരണമേഖലയിലെ ബാങ്കുകളും ഉണ്ടായിരിക്കേ കൊച്ചി കോർപ്പറേഷൻ പരിധിയിൽപ്പെടുന്ന ഇടപ്പള്ളിയിൽ ഇപ്രകാരം ഒരു അക്കൌണ്ട് തുടങ്ങിയതിന്റെ കാരണം വ്യക്തമല്ല. ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ മാത്രം പഞ്ചായത്ത് അക്കൌണ്ട് നിലനിർത്തേണ്ടതാണ്.

## 1-26 എസ് സി പഠന മുറി - അനുവദിച്ച അളവിന് ആനുപാതികമായി സബ്സിഡി തുക നിജപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നമ്പർ എസ് 0223/21 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി പണിയുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി തുക നൽകിയിട്ടുണ്ട്. 13-ം പദ്ധതി മാർഗ്ഗ രേഖ പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 100 ചതുരശ്ര അടിയിൽ കവിയതെ പഠനമുറി പണിയാവുന്നതും ആയതിന് 200000 രൂപ ആകെ നൽകാവുന്നതുമാണ്. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ധനസഹായം നൽകേണ്ടത്. പണി പൂർത്തീകരിച്ച് അവസാന ഗഡു നൽകിയ താഴെപ്പറയുന്നവരുടെ ഫയൽ പരിശോധിച്ചതിൽ ആകെ അളവിന് ആനുപാതികമായ വിധത്തിൽ തുക നിജപ്പെടുത്തിയിട്ടില്ല.

| പേര് | മുറിയുടെ അളവ് ച. അടി | അധികം അളവ് | വാല്വേഷൻ തുക | അനുവദിച്ച തുക |
|---|---|---|---|---|
| രതീഷ് താണിപ്പറമ്പ് | 192 | 92 | 195685 | 195685 |
| സുനിത എ എസ് , ചിറപ്പുരയിടത്തിൽ | 133.99 | 33.99 | 202829 | 200000 |
| ഷാജി കെ.കെ, കുന്നത്ത് പറമ്പ് | 133.99 | 33.99 | 200150 | 200000 |
| രവീണ രവീന്ദ്രൻ, പള്ളത്ത് വീട് | 131.40 | 31.40 | 222961 | 200000 |

| | | | | |
|---|---|---|---|---|
| സിജു കുട്ടപ്പൻ നന്ദിപ്പറമ്പ് | 153.69 | 53.69 | 200639 | 200000 |
| അനിൽകുമാർ , പാലത്തിങ്കൽ | 171.13 | 71.13 | 200726 | 190000 |

ആനുകൂല്യങ്ങൾ നൽകുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന അനുവദനീയമായ അളവിലും തുകയിലും നിജപ്പെടുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | 20-21 | 200000 | സാന്ത്വന പരിചരണ പരിപാടി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 20-21 | 600000 | ലൈഫ് മിഷൻ പദ്ധതി | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 20-21 | 342750 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 342750 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | 20-21 | 90000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 90000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 20-21 | 500000 | ഗാന്ധി ജയന്തി റോഡ് പുനരുദ്ധാരണം-വാർഡ് | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 20-21 | 200000 | പാലിന് സബ്സിഡി ജനറൽ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 20-21 | 150000 | പാലിന് സബ്സിഡി ജനറൽ | 150000 | 0 |
| ആകെ | | | 2082750 | | 2082750 | |
| ജില്ലാ പഞ്ചായത്ത് | | 20-21 | 1040000 | ലൈഫ് മിഷൻ പദ്ധതി | 1040000 | |
| ജില്ലാ പഞ്ചായത്ത് | - | 20-21 | 668350 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 668350 | 0 |
| ജില്ലാ പഞ്ചായത്ത് | 500000 | 20-21 | | താന്താണിക്കുളം നവീകരണം | 243291 | 256709 |
| ജില്ലാ പഞ്ചായത്ത് | | 20-21 | 143000 | | 143000 | |
| ജില്ലാ പഞ്ചായത്ത് | | 20-21 | 91400 | പാലിന് സബ്സിഡി ജനറൽ-സ്പിൽ ഓവർ | 91400 | 0 |
| ആകെ | 500000 | | 1942750 | | 2186041 | 256709 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 130/21, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, | 22001346/ 26.10.20 | 101000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | ,, ,, | 2200826/ 26.10.20 | 142000 | - | ,, ,, |
| | ,, ,, | 22001497/ 12.2.21 | 63000 | - | ,, ,, |
| | ,, ,, | 22001496/ 12.2.21 | 175000 | - | ,, ,, |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | ,, ,, | 22001652/ 24.3.21 | 27749 | - | ,, ,, |
| | ,, ,, | 22001348/ 26.10.20 | 160000 | - | ,, ,, |
| | | ആകെ | 668749 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ | ജി.ഒ. എം.എസ് 2278/ തസ്വഭവ 18.8.2018 | 2496000 | 3781596 | 849176 | - | 5428420 |

## 4-6 സ്ഥിര നിക്ഷേപം

| ക്രമനമ്പർ | അക്കൗണ്ട് വിവരം | തുക | റിമാർക്സ് |
|---|---|---|---|
| 1 | Ex Engineer NH Kodungallor (SBI Kongorpilly) A/C Number- 38230231127 | 25004 | Road Cutting |
| 2 | Ex Engineer PWD ട്രഷറി,ആലുവ | 57000 | Road Cutting 433602/ 25.04.2019 |
| | ആകെ | 82004 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1 | 2018-19 | 1-14 | 13176 | ജൊബീന | 103892/19.11.20 |
| 2 | 2016-17 | 3-9 | 820 | എ ആർ പ്രിന്റേഴ്സ് | 101741/17.7.20 |
| 3 | 2018-19 | 3-2 | 650 | സനൽ രാജ് രാജേന്ദ്രൻ, ഡ്രൈവർ | 101733/17.7.20 |
| 4 | 2017-18 | 1-14 | 13176 | ജൊബീന | 103892/19.11.20 |
| 5 | 2018-19 | 2-2 | 853 | പ്രസിഡന്റ്, ജമാ അത്ത് ചർച്ച് | 103999/03.09.20 |

| | | | | | |
|---|---|---|---|---|---|
| 6 | 2007-08 | 3-10 | 1104 | എ.ബി. വിജയൻ. കോൺട്രാക്ടർ | 1101146/14.5.20 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

## (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,45,92,888 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 14,67,85,152 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 373007 |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1.17 | 73007 | ശ്രീമതി. പ്രീത വി. പ്രഭ, സെക്രട്ടറി ഇൻ ചാർജ്, ആലങ്ങാട് ഗ്രാമപഞ്ചായത്ത് |
| 1.22 | 300000 | ഡോ. അഞ്ജിത ബോസ്, ഹോമിയോ മെഡിക്കൽ ഓഫീസർ, ആലങ്ങാട് |
| ആകെ | 373007 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. അഞ്ജിത ബോസ് | ഹോമിയോ മെഡിക്കൽ ഓഫീസർ, ആലങ്ങാട് | തീർത്ഥം, ജി.സി.ഡി.എ ടെമ്പിൾ റോഡ്, തോട്ടക്കാട്ടുകര, ആലുവ -8 |

| | | |
|---|---|---|
| ശ്രീമതി എൻ എ വാഹിദാബീവി, ഹെഡ്മിസ്ട്രസ്സ്, | ഹെഡ്മിസ്ട്രസ്സ്, ഗവൺമെന്റ് എൽ.പി. സ്കൂൾ , നീറിക്കോട്. (റിട്ടയർ ചെയ്തു) | കൊമ്പത്ത്മുക്കിൽ ഹൗസ്, കരിങ്ങാംതുരുത്ത്, കൊങ്ങോർപ്പിള്ളി പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി5)/830/98 തീയതി 07/08/1999 |
| 1997-98 | എൽഎഫ്.ഇ.(പി5)/794/99 തീയതി 08/07/2000 |
| 2001-02(വരവ്) | എൽ.എഫ്.ഇ.(പി6)/1940/08 തീയതി 29/01/2010 |
| 2003-04 | എൽ.എഫ്.ഇ.(പി6)/1938/08 തീയതി 29/01/2010 |
| 2004-05 | എൽ.എഫ്.ഇ.(പി5)/1590/09 തീയതി 30/03/2010 |
| 2007-08 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2008-09 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2009-10 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2010-11 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2011-12 | എൽ.എഫ്.ഇ.(പി5)/873/13 തീയതി 18/06/2013 |
| 2012-13 | എൽ.എഫ്.ഇ.(പി11)/20/14 തീയതി 05/02/2015 |
| 2013-14<br>2014-15 | കെ.എസ്.എ.-ഇ.കെ.എം (പി14)232/2016 തീയതി15.2.2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി13)2122/2016 തീയതി13.12.2016 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (പി13)1654/2017 തീയതി 26.10.2017 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം (പി13)154/2019 തീയതി 11.03.2019 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം (പി13)1579/2019 തീയതി 15.11.2019 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം (പി13)1800/ 2021 തീയതി. |

തീർപ്പാക്കാനുള്ള റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്